I ഇ.ബി. XV - കേരള നിയമസഭ/II-17

# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ആഗസ്റ്റ് 13, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

(ഡോളർ കടത്ത് കേസുമായി ബന്ധപ്പെട്ട് 12.08.2021-ന് നൽകിയ ചട്ടം 50 പ്രകാരമുള്ള നോട്ടീസിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകാത്തതിൽ പ്രതിഷേധിച്ച് ചോദ്യോത്തരവേളയിൽത്തന്നെ പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.)

## I. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 4747, 760, 3217 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 11-08-2021-ലെ നക്ഷത്രചിഹ്നമിടാത്ത 4747-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയും 26-07-2021-ലെ നക്ഷത്രചിഹ്നമിടാത്ത 760-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിയും 04-08-2021-ലെ നക്ഷത്രചിഹ്നമിടാത്ത 3217-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രിയും മേശപ്പുറത്തുവച്ചു.

## II. ശ്രദ്ധക്ഷണിക്കൽ

തെരുവുനായ്ക്കളുടെ സംരക്ഷണം

ശ്രീ. കോവൂർ കുഞ്ഞുമോൻ: സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്നതും അവ മനുഷ്യരെ ആക്രമിക്കുന്നതും നിത്യസംഭവമായിരിക്കുകയാണ്. വളർത്തുനായ്ക്കൾക്ക് ലൈസൻസെടുക്കണമെന്ന നിബന്ധനയുണ്ടെങ്കിലും അത് പാലിക്കപ്പെടുന്നില്ല. അനിമൽ

ബർത്ത് കൺട്രോൾ പദ്ധതിയുടെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും ഇംപ്ലിമെന്റിംഗ് ഓഫീസർമാരുണ്ടെങ്കിലും തെരുവുനായ്ക്കളുടെ വന്ധ്യംകരണം ശരിയായ രീതിയിൽ നടക്കുന്നില്ല. ജില്ല-താലൂക്ക് തലങ്ങളിൽ ഷെൽട്ടറുകൾ സ്ഥാപിച്ച് തെരുവുനായ്ക്കളെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പാക്കിവരുന്നു. കുടുംബശ്രീയെയാണ് പദ്ധതിനിർവ്വഹണത്തിനുള്ള അംഗീകൃത ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. വന്ധ്യംകരണത്തിനുശേഷം ജീവിതാവസാനംവരെ നായ്ക്കളെ സംരക്ഷിക്കുവാൻ വകുപ്പുതലത്തിൽ സംവിധാനമില്ലെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനായി പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്. എ.ബി.സി. പദ്ധതി നടപ്പാക്കുന്നതിനുള്ള മോണിറ്ററിംഗ് കമ്മിറ്റിയുടെ ചുമതലകളിൽ തെരുവുനായ്ക്കളെ അധിവസിപ്പിക്കലും ഷെൽട്ടറുകളുടെ അറ്റകുറ്റപ്പണിയും ഉൾപ്പെടുന്നുണ്ട്. തെരുവുകളിൽ ഭക്ഷണാവശിഷ്ടങ്ങൾ വലിച്ചെറിയുന്നതുമൂലം തെരുവുനായ്ക്കൾ കൂട്ടംകൂടുകയും രാത്രിയാത്രക്കാരെ

ആക്രമിക്കുകയും ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആൾപ്പാർപ്പില്ലാത്ത സ്ഥലം കണ്ടെത്തി തെരുവുനായ്ക്കളെ മാറ്റിപ്പാർപ്പിക്കുന്നതിന് നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. തെരുവുനായ്ക്കളുടെ ആക്രമണത്തിനിരയായവർക്ക് ആവശ്യമായ സഹായം നൽകുന്നുണ്ട്. വളർത്തുനായ്ക്കൾക്ക് ലൈസൻസെടുക്കുന്നുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തണമെന്നാവശ്യപ്പെട്ട് 08-08-2021-ൽ വകുപ്പുതലത്തിൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. വളർത്തുനായ്ക്കളെയും തെരുവുനായ്ക്കളെയും തിരിച്ചറിയുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. സാധ്യമായ സ്ഥലങ്ങളിൽ മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പുംചേർന്ന് ഷെൽട്ടർ ഹോം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

## III. സബ്മിഷൻ

### (1) പി. എസ്. സി. റാങ്ക് ലിസ്റ്റ്

ശ്രീ. എച്ച്. സലാം: ഒഴിവുകൾക്കാനുപാതികമായി പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനും ഓൺലൈൻ പോർട്ടൽ സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): ഒഴിവുകൾക്കാനു-പാതികമായി സംവരണതത്വം പാലിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇതുസംബന്ധിച്ച ശിപാർശ സമർപ്പിക്കാൻ ജസ്റ്റിസ് ദിനേശൻ കമ്മീഷനെ നിയമിച്ചിട്ടുണ്ട്.

### (2) പാലം നിർമ്മാണം

ശ്രീമതി സി. കെ. ആശ: മുണ്ടാറിൽ കരിയാർ പുഴയ്ക്ക് കുറുകെയുള്ള പാലം പുനർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): ചീഫ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തി തീരുമാനം അറിയിക്കുന്ന മുറയ്ക്ക് പ്രസ്തുത പാലം നിർമ്മാണത്തിനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണ്.

(3) ചെക്ക്ഡാം-കം-ബ്രിഡ്ജ് നിർമ്മാണം

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ കോടങ്കയത്ത് മണിമലയാറിന് കുറുകെ ചെക്ക്ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കോടങ്കയത്ത് പുതിയ ചെക്ക്ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(4) കുടിവെള്ള പാക്കേജ്

ശ്രീ. തോമസ് കെ. തോമസ്: കുട്ടനാട് സമഗ്ര കുടിവെള്ള പാക്കേജ് നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കുട്ടനാട് സമഗ്ര കുടിവെള്ള പാക്കേജ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

(5) കുടിവെള്ളം ലഭ്യമാക്കൽ

ശ്രീ. പ്രമോദ് നാരായൺ: നിലയ്ക്കലിലെ കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ശബരിമല തീർത്ഥാടകർക്ക് നിലയ്ക്കലിൽ കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(6) സാമുദായിക സംവരണം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: പരമ്പരാഗത കളിമൺപാത്ര നിർമ്മാണത്തിലേർപ്പെട്ടിട്ടുള്ള സമുദായങ്ങൾക്ക് സംവരണം ഏർപ്പെടുത്തുന്നതിനും ചെമ്മണ്ണും കളിമണ്ണും മണലും ഇടനിലക്കാരില്ലാതെ എത്തിക്കുന്നതിനും നിലവിലുള്ള ക്ഷേമകോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തു വച്ചു.)

(7) ട്രൈബൽ ആശുപത്രി

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: കാസർഗോഡ് ജില്ലയിൽ ട്രൈബൽ ആശുപത്രി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തു വച്ചു.)

(8) ഗ്ലോബൽ ആയുർവേദ വില്ലേജ്

ശ്രീ. വി. ജോയി: വർക്കല അയിരൂരിൽ ഗ്ലോബൽ ആയുർവേദ വില്ലേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഗ്ലോബൽ ആയുർവേദ വില്ലേജിന്റെ ഒന്നാംഘട്ട പ്രവർത്തനത്തിനുള്ള ലീസ് നടപടികൾ നടന്നുവരികയാണ്; രണ്ടാംഘട്ട പ്രവർത്തനത്തിന് സംയുക്ത പങ്കാളിയെ തെരഞ്ഞെടുത്തിട്ടുണ്ട്.

(9) ഖാദി മേഖലയിലെ ഉത്സവബത്തയും കുടിശ്ശിക വിതരണവും

ശ്രീ. ടി. ഐ. മധുസൂദനൻ: ഖാദി മേഖലയിലെ തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീമിലെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും ഉത്സവബത്ത ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഖാദി മേഖലയിലെ തൊഴിലാളികൾക്ക് റിബേറ്റ് ഇനത്തിൽ നൽകാനുള്ള 10 കോടി രൂപയും ഉത്സവ ബത്തയും നൽകുന്നതാണ്. ഇൻകം സപ്പോർട്ട് സ്കീമിൽ 8 കോടി രൂപ വിതരണം ചെയ്യുകയും ബാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## (10) ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളി പ്രശ്നങ്ങൾ

ശ്രീ. ജി. സ്റ്റീഫൻ: ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രസ്തുത വിഷയം കോടതിയുടെ പരിഗണനയിലാണ്.

## (11) വിള ഇൻഷ്വറൻസ്

ശ്രീ. സി. സി. മുകുന്ദൻ: കർഷകർക്ക് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): വിള ഇൻഷ്വറൻസ് തുക ലഭ്യമാക്കുന്നതിന് ബാങ്ക് ഐ.എഫ്.എസ്.ഇ. കോഡും കർഷകരുടെ അക്കൗണ്ട് നമ്പരും തമ്മിൽ ചേർച്ചയില്ലാത്ത പ്രശ്നമുണ്ടായിരുന്നു; ഈ മാസം തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (12) തൊഴിൽ പ്രതിസന്ധി

ശ്രീ. കെ. ജെ. മാക്സി: കൊച്ചി ഫിഷിംഗ് ഹാർബറിലെ തൊഴിൽ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): പ്രസ്തുത പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്.

(13) മത്സ്യകൃഷി മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. എം. രാജഗോപാലൻ: നിലവാരമുള്ള മത്സ്യവിത്തും മത്സ്യകൃഷിക്കാവശ്യമായ സാധനങ്ങളും മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനും എല്ലാ ജില്ലകളിലും മത്സ്യസഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): മത്സ്യക്കൃഷി മേഖലയിൽ 2457 ബയോ ഫ്ലോക് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. മത്സ്യങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിന് 25 മാർക്കറ്റിംഗ് ഔട്ട്ലെറ്റുകളും സർവ്വീസ് സഹകരണ ബാങ്കുകളുമായി ബന്ധപ്പെട്ട് 53 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകളും ആരംഭിക്കുന്നതാണ്.

(14) തെയ്യം കലാ അക്കാഡമി

ശ്രീ. എ. എൻ. ഷംസീർ: തലശ്ശേരിയിലെ തെയ്യം കലാ അക്കാഡമിയുടെ പ്രവർത്തനങ്ങൾ സർക്കാർതലത്തിൽ നടത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): തെയ്യം കലാ അക്കാഡമിയുടെ നിർവ്വഹണ ചുമതല ചൊക്ലി ഗ്രാമപഞ്ചായത്തിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. കടന്നപ്പള്ളി ദേശത്ത്

ചന്തപുരയിൽ തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് 9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ആലോചിച്ച് തീരുമാനിക്കുന്നതാണ്.

(15) സേവന-വേതന വ്യവസ്ഥകൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ റൂൾസ് പ്രകാരമാണ് പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം നൽകുന്നത്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(16) ശമ്പളവും ആനുകൂല്യങ്ങളും

ശ്രീ. എം. വിജിൻ: പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂളിലെ ജീവനക്കാരുടെ ശമ്പളവും വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള കേസ് തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(17) ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തൽ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: മുണ്ടേരിക്കടവ്-കാട്ടാമ്പള്ളി തണ്ണീർത്തടം ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): മുണ്ടേരി ഇക്കോ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(18) മുല്ലശ്ശേരി - കാഞ്ഞാണി റോഡ് നിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി: മുല്ലശ്ശേരി - കാഞ്ഞാണി റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(19) റെയിൽവേ മേൽപ്പാല നിർമ്മാണം

ശ്രീ. ജി. എസ്. ജയലാൽ: പരവൂർ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): 2021-22-ലെ റെയിൽവേയുടെ വർക്ക് പ്ലാനിൽ പ്രസ്തുത പദ്ധതി ഉൾപ്പെടുത്താൻ ആവശ്യപ്പെടുന്നതാണ്.

(20) റോഡ് പുനരുദ്ധാരണം

ശ്രീ. ആന്റണി ജോൺ: രാജപാതയായ പഴയ ആലുവ-മൂന്നാർ റോഡിന്റെ പുനരുദ്ധാരണം അടിയന്തരമായി നടപ്പാക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വനം വകുപ്പുമായി ചർച്ച ചെയ്ത് ആലുവ-മൂന്നാർ റോഡിന്റെ പുനരുദ്ധാരണത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (21) റോഡ് വികസനം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: തൃശ്ശൂർ-കുറ്റിപ്പുറം സംസ്ഥാന പാതയിൽ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള റോഡിന്റെ വികസനത്തിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പ്രസ്തുത റോഡിന്റെ വികസനത്തിനായി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും ടി സ്ഥലം സന്ദർശിക്കാനും നടപടി സ്വീകരിക്കുന്നതാണ്.

## (22) ഡയബറ്റിക് സെന്ററിന്റെ പ്രവർത്തനം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സിൽ ജീവനക്കാരുടെ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിനും ടി സ്ഥാപനത്തെ ഗവേഷണ സ്ഥാപനമായി മാറ്റുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സിന്റെ വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(23) സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം

ശ്രീ. എം. എസ്. അരുൺ കുമാർ: നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന്റെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(24) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ വികസനം

ശ്രീ. കെ. ആൻസലൻ: നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പരിഗണിക്കുന്നതാണ്.

## IV. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും

(i) 2021-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിലും ജനോപകാരപ്രദമായ ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. സാമ്പത്തിക വളർച്ചയിൽ കുറവുണ്ടായപ്പോഴും ജനക്ഷേമ പദ്ധതികളും സാമ്പത്തിക പാക്കേജും പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. കുടുംബശ്രീ വഴി വായ്പാ വിതരണം നടത്തിയതും

ചെറുകിട വായ്പകൾക്ക് പലിശ കുറച്ചതും സൗജന്യ ഭക്ഷ്യക്കിറ്റും സാമൂഹ്യക്ഷേമ പെൻഷനും വിതരണം ചെയ്തതും ശ്ലാഘനീയമാണ്. കിഫ്ബി മുഖേന നടത്തുന്ന വികസന പ്രവർത്തനങ്ങളുൾപ്പെടെ അഞ്ച് വർഷത്തെ ജനക്ഷേമ പ്രവർത്തനങ്ങളുടെ പ്രതിഫലനമാണ് തുടർഭരണം.

ശ്രീ. മുഹമ്മദ് മുഹസിൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കോവിഡ് മഹാമാരിയെ പ്രതിരോധിക്കാൻ ആരോഗ്യ മേഖലയിൽ വിവിധ പദ്ധതികളാവിഷ്കരിച്ചും മൈക്രോ പ്ലാനുകൾ നടപ്പാക്കിയും ക്ഷേമ പെൻഷനുകൾ, സൗജന്യ ഭക്ഷ്യകിറ്റ് എന്നിവ വിതരണം ചെയ്തും ജനക്ഷേമത്തിലൂന്നിയ പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കുന്നത്. കേന്ദ്ര സർക്കാർ ജനദ്രോഹ നിലപാട് സ്വീകരിക്കുമ്പോൾ കേരളത്തിന്റെ ജനക്ഷേമ പ്രവർത്തനങ്ങൾ രാജ്യത്തിനുതന്നെ മാതൃകയാണ്. എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ചതും കോവിഡ് മരണനിരക്ക് പരമാവധി കുറയ്ക്കാനുള്ള നടപടി സ്വീകരിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. പട്ടാമ്പിയിൽ പ്ലസ് ടു-വിന് കൂടുതൽ സീറ്റ് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. പ്രമോദ് നാരായൺ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കിയും വൈദ്യുതി മേഖലയെ

സ്വകാര്യവത്കരിച്ചും സംസ്ഥാനങ്ങളുടെ അവകാശങ്ങൾ കവർന്നെടുത്തും ജനദ്രോഹ പ്രവർത്തനങ്ങൾ നടത്തുന്ന കേന്ദ്ര ഗവൺമെന്റിനെതിരെ ശക്തമായ എതിർപ്പ് പ്രകടിപ്പിച്ച സർക്കാരാണിത്. കോവിഡ് പ്രതിസന്ധി തരണം ചെയ്യുന്നതിനായി വിപുലമായ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. മടങ്ങിവരുന്ന പ്രവാസികളുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്ക്കരിക്കാനും വർക്ക് ഫ്രം ഹോമിലൂടെ പ്രവാസികൾക്കും മറ്റ് വിദഗ്ദ്ധ തൊഴിലാളികൾക്കും എല്ലാ ജില്ലയിലും പ്രത്യേക പ്ലാറ്റ്ഫോമുകൾ ആരംഭിക്കാനും നടപടി സ്വീകരിക്കണം. ക്രൗഡ് ഫണ്ടിംഗ് ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം.

ശ്രീ. കെ. പി. മോഹനൻ : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തിയും ഫയൽ നടപടികൾ വേഗത്തിലാക്കിയും മണ്ഡലങ്ങളിലെ വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തികരിക്കണം. പാനൂർ ഗവൺമെന്റ് ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തണം. മടങ്ങിയെത്തിയ പ്രവാസികൾക്ക് തൊഴിൽ സംരംഭങ്ങളാരംഭിക്കാനും കാർഷികോല്പന്നങ്ങളെ മൂല്യവർദ്ധിത

ഉല്പന്നങ്ങളാക്കാനും ആഭ്യന്തര ടൂറിസം മേഖല പുനഃസംഘടിപ്പിക്കാനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കാനും നടപടിയുണ്ടാകണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഉത്തേജക പാക്കേജുൾപ്പെടെ പ്രഖ്യാപിച്ച് സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാനും ജനങ്ങളുടെ വാങ്ങൽശേഷി വർദ്ധിപ്പിക്കാനും നടപടി സ്വീകരിച്ചുവരികയാണ്. കോവിഡ് വാക്സിൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തരം 20 ലക്ഷം ഡോസ് വാക്സിൻ വാങ്ങി ചെറുകിട സ്വകാര്യ ആശുപത്രികളിലൂടെ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അശരണർക്കും കശുവണ്ടി, കയർ, ചെമ്മീൻ ഫാക്ടറികളിലെ തൊഴിലാളികൾക്കുമുൾപ്പെടെ പരമാവധി ആളുകൾക്ക് വാക്സിനും പ്രവാസികൾക്ക് വാക്സിനേഷൻ സർട്ടിഫിക്കറ്റും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിയോജക മണ്ഡലാടിസ്ഥാനത്തിൽ ആശുപത്രികളിൽ പത്ത് കിടക്കകളുള്ള പ്രത്യേക വാർഡിന്റെ നിർമ്മാണം പൂർത്തിയായിവരികയാണ്. കോൺട്രാക്ടർമാർക്ക് 1448 കോടി രൂപ അഡ്വാൻസായി നൽകുകയും വ്യാപാരികൾക്കുൾപ്പെടെ പ്രയോജനകരമായ പദ്ധതികൾ നടപ്പാക്കിവരികയുമാണ്. സർക്കാരുദ്യോഗസ്ഥർ, ആശാവർക്കർമാർ, അങ്കണവാടി ജീവനക്കാർ,

പാചകത്തൊഴിലാളികൾ, കയർ, പ്ലാന്റേഷൻ, ലോട്ടറി, ബീഡിത്തൊഴിലാളികൾ എന്നിവർക്ക് ഉത്സവബത്തയും പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് 2,000 രൂപയും 25 രൂപയ്ക്ക് 10 കി.ഗ്രാം അരിയും നൽകുന്നതാണ്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് മുൻവർഷങ്ങളിൽ ലഭിച്ച ആനുകൂല്യം ഈ വർഷവും ലഭിക്കുന്നതാണ്. ലക്ഷംവീട് കോളനികളിലെ ഇരട്ടവീടുകളെ ഒറ്റവീടുകളാക്കുന്ന പദ്ധതി ഫലപ്രദമായി നടത്തുകയും പാചകത്തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ തുടരുകയും ചെയ്യും. കോവിഡുമായി ബന്ധപ്പെട്ട് ഗവേഷണ പ്രവർത്തനങ്ങൾ നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. തൊഴിലുറപ്പ് പദ്ധതിപ്രകാരം 75 ദിവസം പണിയെടുത്തിട്ടുള്ള തൊഴിലാളികൾക്ക് 1000 രൂപ നൽകുന്നതാണ്. ടൂറിസ്റ്റ് ബസുകളടക്കമുള്ള കോൺട്രാക്ട് ക്യാരേജുകൾക്ക് ഏപ്രിൽ, മേയ്, ജൂൺ മാസത്തെ നികുതി ഒഴിവാക്കുകയും രണ്ട് ലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് നാല് ശതമാനം പലിശ സബ്സിഡി അനുവദിക്കുകയും ചെയ്യുന്നതാണ്. ആസ്തി വികസന ഫണ്ടിൽനിന്നും കോവിഡ് പ്രതിരോധത്തിനായി നീക്കിവച്ചതിൽ ബാക്കിയുള്ള തുക നിലവിലെ ഗൈഡ്‌ലൈൻ പ്രകാരം വിനിയോഗിക്കാൻ അനുമതി നൽകുന്ന

കാര്യം പരിശോധിക്കുന്നതാണ്. കോടതി കേസുകളിൽ അന്തിമവിധി വരുന്ന മുറയ്ക്ക് വെള്ളൂർ ന്യൂസ് പ്രിന്റ് ലിമിറ്റഡ് സർക്കാർ ഏറ്റെടുക്കുന്നതാണ്. കിഫ്ബിയിലൂടെ 17000 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും 12000 കോടി രൂപയുടെ ബിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ധനവിനിയോഗ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

(i) 2021-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ

2021-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല.)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല.)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## V. അവകാശ ലംഘന പ്രശ്നം

പരിഗണനയിലുള്ളത്

മി. സ്പീക്കർ: കടമ്പ്രയാർ നദിയുടെ മലിനീകരണവുമായി ബന്ധപ്പെട്ട ശ്രദ്ധക്ഷണിക്കലിനെതിരെ വസ്തുതാവിരുദ്ധമായ കാര്യങ്ങൾ യൂട്യൂബ് ചാനലിലൂടെ അവതരിപ്പിച്ച ബെന്നി ജോസഫിനെതിരെ ശ്രീ. പി. ടി. തോമസ് നൽകിയ നോട്ടീസ് പരിഗണനയിലാണ്.

## VI. അറിയിപ്പ്

അഡ്ഹോക് കമ്മിറ്റി രൂപീകരണം

കേരള നിയമസഭയുടെ ചട്ടങ്ങളിലും നടപടിക്രമങ്ങളിലും വരുത്തേണ്ട കാലോചിതമായ പരിഷ്കാരങ്ങളെ സംബന്ധിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ അദ്ധ്യക്ഷനായി ബഹു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാർ, ബഹു. ഗവൺമെന്റ് ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, സർവ്വശ്രീ എ. പി. അനിൽ കുമാർ, അനൂപ് ജേക്കബ്, മാത്യു ടി. തോമസ്, മോൻസ് ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. ടി. എ. റഹീം, ടി. പി. രാമകൃഷ്ണൻ, എൻ. ഷംസുദ്ദീൻ, കടകംപള്ളി സുരേന്ദ്രൻ, ഇ. കെ. വിജയൻ, ശ്രീമതിമാർ കെ. കെ. ശൈലജ ടീച്ചർ,

യു.പ്രതിഭ എന്നീ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു അഡ്ഹോക് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

## VII. പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും സമ്മേളനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ഹൃദ്യമായ ഓണാശംസകൾ നേരുകയും ചെയ്തു.

സഭ ദേശീയഗാനാലാപനത്തോടെ ഉച്ചയ്ക്ക് 12.21-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.

*****